**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **28-07-2021 - ൽ മറുപടിയ്ക്ക്**

**ബാലരാമപുരം പോലീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുത്തതിനെ തുടർന്ന് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ് സ്റ്റേഷൻ ബാലരാമപുരം ജംഗ്ഷനിൽ തന്നെ നിലനിർത്താൻ നിലവിലെ ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കാമോ? | (എ) | ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലില്ല. ബാലരാമപുരം ജംഗ്ഷനിൽ പ്രവർത്തിച്ചിരുന്ന ബാലരാമപുരം പോലീസ് സ്റ്റേഷൻ കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ച് മാറ്റേണ്ടി വന്നതിനാൽ ബാലരാമപുരം ജംഗ്ഷനിൽ നിന്നും ഒന്നര കിലോമീറ്റർ മാറി വാടക കെട്ടിടത്തിൽ 30.09.2019 മുതൽ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ബാലരാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ പെട്ട കുളംപുറമ്പോക്ക് പുരയിടത്തിൽ 240/15- ൽ പ്പെട്ട 20 സെന്റ് സ്ഥലം വിട്ടു നൽകാൻ പഞ്ചായത്ത് അധികൃതർ സമ്മതം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി എറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ